# താൽപ്പര്യപത്രം

## ജീവിത നൈപുണികൾ അടിസ്ഥാനമാക്കി ലഹരിക്കെതിരെ ബോധവൽക്കരണം നടത്തുന്നതിന് അനിമേഷൻ വീഡിയോകൾ വിമുക്തി മിഷന് വേണ്ടി തയ്യാറാക്കുന്നതിന്.

**(EXC/2105/2023-VIMUKTHI 3 DATED 09.05.2023)**

**KERALA STATE LAHARI VARJJANA MISSION VIMUKTHI**

**KERALA STATE EXCISE DEPARTMENT, EXCISE HEADQUARTERS NANDAVANAM , PALAYAM, THIRUVANANTHAPURAM-695033**

## 1. താൽപ്പര്യ പത്രം ക്ഷണിക്കൽ

ജീവിതനൈപുണികൾ കൈവരിക്കുന്നതിലൂടെ സ്വായത്തമാക്കുന്ന കഴിവുകളും വിജയങ്ങളും ലഹരിക്കെതിരെയുള്ള ബോധവൽക്കരണ പ്രചാരണത്തിന് ഉതകും വിധം കുട്ടികൾക്കായി അനിമേഷൻ/കാർട്ടൂൺ വീഡിയോകൾ തയ്യാറാക്കുന്നതിന് ഇത്തരം പ്രവർത്തനങ്ങളിൽ വൈദഗ്ധ്യവും താല്പര്യവുമുള്ള സ്ഥാപനങ്ങളിൽ നിന്നും Expression Of Interest (EOI) ക്ഷണിക്കുന്നു.

യോഗ്യതാ മാനദണ്ഡങ്ങളുടെ വിശദാംശങ്ങൾ https://vimukthi.kerala.gov.in/ എന്ന വെബ് സൈറ്റിൽ നിന്ന് ഡൗൺലോഡ് ചെയ്യാം

കൂടുതൽ വിവരങ്ങൾക്കും താൽപ്പര്യപത്രം സമർപ്പിക്കുന്നതിനും ചുവടെ ചേർക്കുന്ന ഇ-മെയിൽ വിലാസത്തിൽ ബന്ധപ്പെടാവുന്നതാണ്.

jecapckerala1@gmail.com

jecapc.exc@kerala.gov.in

താൽപ്പര്യപത്രം സമർപ്പിക്കുന്നതിനുള്ള അവസാന തീയതി : **26.05.2023**

കുറിപ്പ്: ***താൽപ്പര്യപത്രം ക്ഷണിച്ചു കൊണ്ടുള്ള ഈ അഭ്യർത്ഥന റദ്ദാക്കാനോ, വിശദാംശങ്ങൾ ഭേദഗതി ചെയ്യുന്നതിനോ ചേർക്കുന്നതിനോ വീണ്ടും ക്ഷണിക്കുന്നതിനോ ഉള്ള അവകാശം എക്സൈസ് വകുപ്പിനും വിമുക്തി മിഷനിലും നിക്ഷിപ്തമാണ്.***

| ക്രമ നം | ഇനം | തീയതി | സമയം |
|---|---|---|---|
| 1 | താൽപ്പര്യപത്രം ക്ഷണിച്ചു കൊണ്ടുള്ള അഭ്യർത്ഥന പ്രസിദ്ധപ്പെടുത്തുന്നത് **(Date of online Publication/Download of EOI Document)** | 09.05.2023 | 6.00pm |
| 2 | താൽപ്പര്യപത്രം സ്വീകരിച്ചു തുടങ്ങുന്നത് (**Submission Start Date**) | 09.05.2023 | 6.00pm |
| 3 | താൽപ്പര്യപത്രം സംബന്ധിച്ച മീറ്റിംഗ് (**Pre-EoI Meeting Date**) | 16.05.2023 | 3.00pm |
| 4 | താൽപ്പര്യപത്രം സ്വീകരിക്കുന്നത് അവസാനിപ്പിക്കുന്നത് (**Submission Close Date**) | 26.05.2023 | 6.00pm |
| 5 | താൽപ്പര്യപത്രം തുറന്നു പരിശോധിക്കുന്നത് (**Opening Expression of Interest**) | 29.05.2023 | 3.00pm |

## 2. ആമുഖം

വിദ്യാലയങ്ങൾ ലഹരിമുക്തമാക്കുന്നതിനും വിദ്യാർത്ഥികളെ ലഹരിയിൽ നിന്നും അകറ്റി നിർത്തുന്നതിനും വിവിധ പ്രവർത്തനങ്ങളാണ് എക്സൈസ് വകുപ്പും വിമുക്തി മിഷനും നടത്തിവരുന്നത്. ലഹരി മരുന്നുകളുടെ ഉപയോഗം ഉൾപ്പെടുന്ന അനാരോഗ്യകരമായ പല ശീലങ്ങളും കുട്ടികളിൽ പ്രത്യക്ഷമായതിന് ശേഷം പ്രതിവിധികൾ തേടുന്നതിനേക്കാൾ , ഇത്തരം പ്രലോഭനങ്ങളോട് ശരിയായ രീതിയിൽ പ്രതികരിക്കാനുള്ള അറിവും പ്രാപ്തിയും കുട്ടികളിൽ ജനിപ്പിച്ച് പ്രതിരോധം തീർക്കുകയാണ് ആവശ്യമായിട്ടുള്ളത് . കുട്ടികൾക്ക് ജിജ്ഞാസയും ആകാംഷയും ഉണ്ടാകുന്ന രീതിയിൽ ബോധവൽക്കരണ സന്ദേശങ്ങൾ ഉൾക്കൊള്ളുന്ന പ്രചാരണ പരിപാടികൾ എക്സൈസ് വകുപ്പും വിമുക്തി മിഷനും ആവിഷ്കരിച്ച് നടപ്പാക്കി വന്നിട്ടുള്ളതാണ് .

ജീവിതത്തിലെ പ്രതിസന്ധികളെയും വെല്ലുവിളികളെയും നേരിടാനും അവയെ ഫലപ്രദമായി തരണം ചെയ്യാനും സഹായിക്കുന്ന പോസിറ്റീവ് കഴിവുകളെയാണ് ജീവിതനൈപുണികൾ അഥവാ ലൈഫ് സ്കിൽസ് എന്നു പറയുന്നത് . ഇത്തരം ജീവിതനൈപുണികൾ സംബന്ധിച്ച ആശയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നതിന് കുട്ടികൾക്ക് താല്പര്യമുള്ള മേഖലകളിലൂടെയും മാധ്യമങ്ങളിലൂടെയും ഇത്തരം ആശയങ്ങൾ പ്രചരിപ്പിക്കുന്നതിന് വിമുക്തി മിഷൻ തീരുമാനിച്ചിട്ടുള്ളതാണ്. ആനിമേഷൻ വീഡിയോകൾ കാർട്ടൂൺ സീരീസുകൾ എന്നിവ കുട്ടികൾക്ക് വളരെ ഇഷ്ടവും താല്പര്യവുമുള്ളവയാണ്. ജീവിതനൈപുണികൾ ആർജ്ജിക്കുന്നതിലൂടെ ലഹരിക്കെതിരെയുള്ള ബോധവൽക്കരണം കുട്ടികളിലേക്ക് എത്തിക്കുന്നതിന് അത്തരം ആശങ്ങൾ ഉൾക്കൊള്ളുന്ന അനിമേഷൻ വീഡിയോകൾ തയ്യാറാക്കി പ്രചരിപ്പിക്കുന്നത് അഭികാമ്യമാണ് എന്നതിന്റെ അടിസ്ഥാനത്തിൽ ആണ് ഈ താൽപ്പര്യപത്രം ക്ഷണിക്കുന്നത്.

## 3. ഉദ്ദേശ്യങ്ങൾ/ലക്ഷ്യങ്ങൾ

കുട്ടികൾക്കിടയിൽ ജീവിത നൈപുണ്യങ്ങൾ വളർത്തിയെടുക്കുക, ജീവിതത്തിൽ നേരിടാൻ പോകുന്ന വെല്ലുവിളികളെ ആത്മ വിശ്വാസത്തോടെ നേരിടുന്നതിന് കുട്ടികളെ ചെറിയ പ്രായത്തിൽ തന്നെ പ്രാപ്തരാക്കിയെടുക്കുക, കുട്ടികൾ കൂടുതലായി ഇഷ്ടപ്പെടുന്ന വിനോദമാണ് കാർട്ടൂൺ വീഡിയോകൾ, അനിമേഷൻ സീരീസുകൾ എന്നിവയിലൂടെ ബോധവൽക്കരണം നടപ്പാക്കുക, കുട്ടികളുടെ ഇഷ കഥാപാത്രങ്ങളെ ഉപയോഗിച്ച് മൂല്യ ബോധവും ഗുണപരവുമായ സന്ദേശങ്ങൾ ഉൾപ്പെടുത്തി ഇത്തരം അനിമേഷൻ വീഡിയോകൾ തയ്യാറാക്കി വിമുക്തിയുടെ

യൂട്യൂബ് ചാനൽ വഴിയും മറ്റു സാമൂഹ്യ മാദ്ധ്യമങ്ങൾ വഴിയും സംപ്രേക്ഷണം ചെയ്യുക, കുട്ടികളെ ആകർഷിക്കുന്നതിനും സ്വഭാവ രൂപീകരണത്തിൽ മെച്ചപ്പെട്ട ഇടപെടൽ നടത്തുക , നല്ല ശീലങ്ങൾ വളർത്തുന്നതിലൂടെ ദുഃശ്ശീലങ്ങളെ അകറ്റുക, അരുതാത്തവയോട് "നോ" പറയാൻ പ്രേരിപ്പിക്കുക, ഇത്തരം കാര്യങ്ങളിലൂടെ ലഹരിക്കെതിരെ പോരാടുവാനും ലഹരിവിരുദ്ധ ചിന്ത കുട്ടികളിൽ വളർത്തിയെടുക്കുക എന്നിവയാണ് ജീവിത നൈപുണികൾ അടിസ്ഥാനമാക്കി തയ്യാറാക്കുന്ന അനിമേഷൻ വീഡിയോകൾ തയ്യാറാക്കുന്നതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ

## 4. ജോലിയുടെ വ്യാപ്തി

തയ്യാറാക്കുന്ന വീഡിയോകൾ ചുവടെ ചേർക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ അടിസ്ഥാനമാക്കി ഉള്ളവ ആകണം.

- ജീവിത നൈപുണികൾ അടിസ്ഥാനമാക്കി തയ്യാറാക്കിയ ആനിമേഷൻ/കാർട്ടൂൺ വീഡിയോകൾ ആയിരിക്കണം .
- *ജീവിത നൈപുണികൾ ചുവടെ ചേർക്കുന്നു.*

1. *ആത്മവിശ്വാസം വളർത്തിയെടുക്കുക*
2. *ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് പരിശ്രമിക്കുക*
3. *ഫലപ്രദമായ ആശയ വിനിമയം*
4. *തീരുമാനമെടുക്കൽ*
5. *പ്രശ്നപരിഹാരം*
6. *സാമൂഹിക സാഹചര്യങ്ങളുമായി ഇടകലരുക*
7. *സമ്മർദ്ദങ്ങളെ അതിജീവിക്കുക*
8. *വികാരങ്ങളുമായി പൊരുത്തപ്പെടുക*
9. *സർഗ്ഗാത്മക ചിന്താശേഷി*
10. *വ്യക്തിബന്ധങ്ങൾ പുലർത്തുന്നതിലുള്ള നൈപുണ്യം*

- വീഡിയോകൾ കാർട്ടൂൺ കഥാപാത്രങ്ങൾ ഉപയോഗിച്ച് അനിമേഷൻ രൂപത്തിൽ mp4 ഫോർമാറ്റിൽ തയ്യാറാക്കിയവ ആകണം.
- ഓരോ വീഡിയോയും തയ്യാറാക്കുന്നതിന് Script തയ്യാറാക്കി വിമുക്തി മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ അംഗീകാരം വാങ്ങേണ്ടതാണ്.
- ഓരോ ജീവിത നൈപുണികളെ അടിസ്ഥാനമാക്കി 3 അനിമേഷൻ വീഡിയോകൾ തയ്യാറാക്കേണ്ടതാണ്.

- വീഡിയോകൾ ആശയം വിശദമാക്കുന്ന തരത്തിലും കുട്ടികൾക്ക് താൽപ്പര്യം ജനിപ്പിക്കുന്ന തരത്തിലും ലളിതമായി പ്രതിപാദിക്കുന്ന രീതിയിലും ആയിരിക്കണം.
- ഓരോ വീഡിയോയുടെയും ദൈർഘ്യം 3 മിനിറ്റിൽ അധികരിക്കാൻ പാടില്ല.
- വീഡിയോകളിൽ ഉപയോഗിക്കുന്ന Voiceover മലയാളഭാഷയിൽ ആയിരിക്കണം. കൂടാതെ ആയതിന്റെ ഇംഗ്ലീഷ് Subtitle- കൾ കൂടി ഉണ്ടാവണം.
- വീഡിയോകളിലെ കഥാപാത്രങ്ങൾ യാതാർത്ഥ്യബോധം ഉളവാക്കുന്ന രീതിയിലും 2D , 3D ഉൾപ്പെടുത്തിയവയും ആകണം.
- സാമൂഹ്യ മാദ്ധ്യമങ്ങളിൽ കൂടി പ്രചരിപ്പിക്കുന്നതിന് ഉതകുന്ന വിധത്തിലുള്ള ഫോർമാറ്റിലും റസൊല്യൂഷനിലും ആയിരിക്കണം വീഡിയോകൾ തയ്യാറാക്കേണ്ടത്.
- ഓരോ ജീവിത നൈപുണികളെ അടിസ്ഥാനമാക്കി തയ്യാറാക്കുന്ന വീഡിയോകളിൽ ലഹരി വിരുദ്ധ ബോധവൽക്കരണ സന്ദേശങ്ങൾ , വിമുക്തി ലോഗോ എന്നിവ കൂടി ഉൾപ്പെടുത്തേണ്ടതാണ്.
- വീഡിയോകൾ തയ്യാറാക്കുന്നത് സംബന്ധിച്ചുള്ള കൂടുതൽ വ്യക്തത ആവശ്യമുള്ള പക്ഷം വിമുക്തി മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ അദ്ധ്യക്ഷതയിൽ നടത്തുന്ന മീറ്റിംഗിൽ പങ്കെടുക്കേണ്ടതാണ്.

## 5. യോഗ്യതകൾ

1. മുൻകൂർ തുകകൾ അനുവദിക്കുന്നതല്ല എന്നതിനാൽ താല്പര്യപത്രം സമർപ്പിക്കുന്ന സ്ഥാപനങ്ങൾ സാമ്പത്തികമായി ഭദ്രതയുള്ളവ ആകണം.
2. സ്റ്റാർട്ട്-അപ്പ്-മിഷനുകൾക്കും താല്പര്യപത്രം സമർപ്പിക്കാവുന്നതാണ്.
3. താല്പര്യപത്രം സമർപ്പിക്കുന്ന സ്ഥാപനങ്ങൾക്ക് കാർട്ടൂൺ / അനിമേഷൻ രംഗത്ത് കുറഞ്ഞത് 1 വർഷത്തെ പ്രവർത്തി പരിചയം ഉണ്ടാവേണ്ടതാണ്. ആയത് സംബന്ധിച്ച സ്വയം സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റ് താല്പര്യപത്രത്തിനൊപ്പം സമർപ്പിക്കേണ്ടതാണ്.
4. ഒരു വർഷത്തിനുള്ളിൽ പ്രവർത്തനം ആരംഭിച്ച സ്റ്റാർട്ട് അപ്പ് മിഷനുകൾക്ക് പ്രവർത്തി പരിചയം എന്നതിന് നിലവിൽ ഏറ്റെടുത്ത പ്രവർത്തികളുടെ വിശദാംശങ്ങൾ താല്പര്യപത്രത്തിനൊപ്പം സമർപ്പിക്കേണ്ടതാണ്.
5. നൂതന സാങ്കേതിക വിദ്യകളിൽ പ്രവർത്തി പരിചയവും ഉപകരണ സ്രോതസ്സും ഉണ്ടായിരിക്കേണ്ടതാണ്.

6. ഉള്ളടക്ക രചന , സ്ക്രിപ്റ്റ് , സംഭാഷണം , കഥാപാത്ര നിർമ്മിതി, അനിമേഷൻ ,എഡിറ്റിംഗ്, വോയിസ് ഓവർ , സംവിധാനം തുടങ്ങിയ എല്ലാവിധ ജോലികളും ചെയ്യുന്നതിന് സ്ഥാപനത്തിന് കഴിവും സൗകര്യവും ഉണ്ടായിരിക്കണം.
7. GST രജിസ്ട്രേഷൻ /PAN എന്നിവ സംബന്ധിച്ച രേഖകൾ താല്പര്യപത്രത്തിനൊപ്പം സമർപ്പിക്കേണ്ടതാണ്.
8. കഴിഞ്ഞ 6 മാസത്തിനുള്ളിൽ തയ്യാറാക്കിയ 2 അനിമേഷൻ വീഡിയോകൾ മേൽ പറഞ്ഞിട്ടുള്ള ഇ-മെയിൽ വിലാസത്തിൽ താൽപ്പര്യപത്രത്തിനൊപ്പം സമർപ്പിക്കേണ്ടതാണ്.
9. സ്റ്റാർട്ട് അപ്പ് മിഷനുകൾക്ക് മേൽ പ്രകാരം വീഡിയോകൾ ഇല്ലാത്ത പക്ഷം അത്തരത്തിൽ ഒരു വീഡിയോ തയ്യാറാക്കി മേൽ പറഞ്ഞിട്ടുള്ള ഇ-മെയിൽ വിലാസത്തിൽ താൽപ്പര്യപത്രത്തിനൊപ്പം സമർപ്പിക്കേണ്ടതാണ്.
10. സ്ഥാപനത്തിന്റെ ബ്രോഷർ, ചിത്രങ്ങൾ . സർക്കാർ വകുപ്പുകൾക്കായി ചെയ്തിട്ടുള്ള പ്രവർത്തനങ്ങൾ (അത്തരത്തിൽ ചെയ്തിട്ടുണ്ടെങ്കിൽ) എന്നിവയുടെ വിവരങ്ങൾ താൽപ്പര്യ പത്രത്തിനൊപ്പം സമർപ്പിക്കേണ്ടതാണ്.

## 6.താല്പര്യപത്രം നിരാകരിക്കൽ

ചുവടെ ചേർക്കുന്ന ഏതെങ്കിലും കാരണങ്ങളാൽ താൽപ്പര്യ പത്രം നിരാകരിക്കാൻ വിമുക്തി മിഷന് അവകാശം ഉണ്ടായിരിക്കുന്നതാണ്.

1. നിർദ്ദിഷ്ട സമയ പരിധിയ്ക്ക് ശേഷം ലഭിച്ചവ

2. ആവശ്യപ്പെട്ട രേഖകൾ ഉള്ളടക്കം ചെയ്യാത്തവ

3. തെറ്റുകൾ ഉള്ളവയോ തിരുത്തലുകൾ വരുത്തിയതോ ആയവ

4. ഔദ്യോഗിക അധികാരികൾ ഒപ്പ് രേഖപ്പെടുത്താത്തവ

5. താൽപ്പര്യ പത്രത്തിനൊപ്പം സമർപ്പിക്കുന്ന രേഖകളിൽ ഒപ്പ് ഇടാത്തവ

6. തെറ്റായ വിവരങ്ങൾ രേഖപ്പെടുത്തിയവ, വ്യാജ രേഖകൾ ഉള്ളടക്കം ചെയ്തവ, തെറ്റിദ്ധരിപ്പിക്കുന്ന തരത്തിൽ വിവരങ്ങൾ രേഖപ്പെടുത്തിയവ.

## 7. താൽപ്പര്യപത്രം പരിശോധനയും തെരെഞ്ഞെടുക്കലും

1. സൂക്ഷ്മ പരിശോധന : യോഗ്യതാ മാനദണ്ഡത്തെ അടിസ്ഥാനമാക്കി എല്ലാ അപേക്ഷകളുടെയും സൂക്ഷ്മ പരിശോധന നടത്തുന്നു. EOI ഡോക്യുമെന്റിൽ

പരാമർശിച്ചിരിക്കുന്ന യോഗ്യതാ മാനദണ്ഡങ്ങളും മറ്റ് അവശ്യ വ്യവസ്ഥകളും പാലിക്കാത്ത അപേക്ഷകൾ നിരസിക്കപ്പെടും.

2. ചുരുക്കപ്പട്ടിക: യോഗ്യരായ എല്ലാ അപേക്ഷകരെയും അവർ സമർപ്പിച്ച രേഖകളുടെ അടിസ്ഥാനത്തിൽ വിലയിരുത്തും. എക്സൈസ് വകുപ്പ് രൂപീകരിച്ച ഒരു സെലക്ഷൻ കമ്മിറ്റിക്ക് മുൻപിൽ അവതരണം നടത്താൻ ഷോർട്ട്-ലിസ്റ്റ് ചെയ്ത ഏജൻസികളെ വിളിക്കും.

3. റാങ്ക് ലിസ്റ്റ് : ചുരുക്കപ്പട്ടികയിൽ ഉൾപ്പെട്ട ഏജൻസികൾ മുമ്പ് ചെയ്ത പ്രവർത്തനങ്ങളെകുറിച്ച് സെലക്ഷൻ കമ്മിറ്റിക്ക് മുന്നിൽ അവതരണം നടത്തേണ്ടതുണ്ട്. കമ്മിറ്റി അവരുടെ അവതരണങ്ങൾ പരിഗണിച്ച ശേഷം, അവരുടെ ഇൻഫ്രാസ്ട്രക്ചർ/ഓഫീസുകൾ, നിലവിലുള്ള ഉപഭോക്താക്കൾ മുതലായവയെ അടിസ്ഥാനമാക്കി ഏജൻസികളെ വിലയിരുത്തും. ഇപ്രകാരമുള്ള വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ ഏജൻസികളെ റാങ്ക് ചെയ്യും.

4. തെരഞ്ഞെടുക്കൽ : ഏജൻസികൾക്കിടയിൽ വിതരണം ചെയ്യുന്ന ജോലികൾ അവരുടെ റാങ്കിംഗുമായി ബന്ധപ്പെട്ടതല്ല. തിരഞ്ഞെടുത്ത എല്ലാ ഏജൻസികളെയും തുല്യമായി പരിഗണിക്കും. എക്സൈസ് വകുപ്പും വിമുക്തി മിഷനും അതിന്റെ സൗകര്യത്തിനും ആവശ്യകതകൾക്കും വിവേചനാധികാരത്തിനും അനുസരിച്ച് ജോലി വിതരണം ചെയ്യാനുള്ള അവകാശം നിക്ഷിപ്തമാണ്. ഏജൻസിയുടെ ജോലിയുടെ ഗുണനിലവാരം, പ്രതികരണശേഷി മുതലായവയെ അടിസ്ഥാനമാക്കി എക്സൈസ് വകുപ്പും വിമുക്തി മിഷനും ജോലിയിലും ആശയങ്ങളിലും വ്യത്യാസം വരുത്താം

5. എംപാനൽ ചെയ്ത ഏജൻസികളുടെ എണ്ണം ഏത് സമയത്തും കുറയ്ക്കാനോ വർദ്ധിപ്പിക്കാനോ ഉള്ള അവകാശം എക്സൈസ് വകുപ്പിലും വിമുക്തി മിഷനിലും നിക്ഷിപ്തമാണ്. എംപാനൽ ചെയ്തോ അല്ലാതെയോ മറ്റേതെങ്കിലും ഏജൻസിയിൽ നിന്ന് EOI-യിൽ പരാമർശിച്ചിരിക്കുന്ന ഏതെങ്കിലും ജോലിയോ ജോലിയുടെ ഏതെങ്കിലും ഭാഗമോ നേടാനുള്ള അവകാശവും എക്സൈസ് വകുപ്പിലും വിമുക്തി മിഷനിലും നിക്ഷിപ്തമാണ്.

**താൽപ്പര്യ പത്രം സമർപ്പിക്കുന്നതിനുള്ള അപേക്ഷ ഫോമുകൾ ഇതിനൊപ്പം ചേർത്തിട്ടുള്ളതാണ്. എല്ലാ ഫോമുകളും പൂരിപ്പിച്ച് അഡീഷണൽ എക്സൈസ് കമ്മീഷണർ (ഭരണം) & വിമുക്തി മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, എക്സൈസ് ഹെഡ് ക്വാർട്ടേഴ്സ്, നന്ദാവനം , പാളയം , തിരുവനന്തപുരം - 695033 / jecapckerala1@gmail.com , എന്ന വിലാസത്തിൽ സമർപ്പിക്കേണ്ടതാണ്.**

**ഫോർമാറ്റ് 1**

**താല്പര്യ പത്രം**

ഗ്രാഹകൻ

അഡീഷണൽ എക്സൈസ് കമ്മിഷണർ (ഭരണം)
& വിമുക്തി മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ

വിഷയം : ജീവിത നൈപുണികൾ അടിസ്ഥാനമാക്കി ലഹരിക്കെതിരെ ബോധവൽക്കരണം നടത്തുന്നതിന് അനിമേഷൻ വീഡിയോകൾ വിമുക്തി മിഷന് വേണ്ടി തയ്യാറാക്കുന്നതിന് താൽപ്പര്യ പത്രം സമർപ്പിക്കുന്നത്-സംബന്ധിച്ച്

സൂചന : 09.05.2023 ലെ എക്സൈസ് വകുപ്പ് വിമുക്തി മിഷന്റെ EXC/2105/2023-VIMUKTHI 3 താൽപ്പര്യപത്ര അപേക്ഷ ക്ഷണിക്കൽ.

സർ

ജീവിത നൈപുണികൾ അടിസ്ഥാനമാക്കി ലഹരിക്കെതിരെ ബോധവൽക്കരണം നടത്തുന്നതിന് അനിമേഷൻ വീഡിയോകൾ വിമുക്തി മിഷന് വേണ്ടി തയ്യാറാക്കുന്നതിന് സൂചന പ്രകാരമുള്ള വ്യവസ്ഥകൾക്ക് വിധേയമായി മേൽ വിഷയത്തിൽ പറഞ്ഞിരിക്കുന്ന ചുമതല നിർവഹിക്കുന്നതിലേക്ക് ഞങ്ങൾ EOI സമർപ്പിക്കുന്നതിന് ആഗ്രഹിക്കുന്നു. സൂചനയിൽ നിർദ്ദേശിച്ചതുപോലെ, ഞങ്ങൾ ഇനിപ്പറയുന്ന ഡോക്യുമെന്റുകളുടെ 2 സെറ്റുകൾ വെവ്വേറെ സീൽ ചെയ്ത കവറുകളിലും ഒരു സോഫ്റ്റ് കോപ്പി ഇ-മെയിലിലും അറ്റാച്ചുചെയ്യുന്നു:

1. ഏജൻസിയുടെ വിശദാംശങ്ങൾ (ഫോർമാറ്റ്-2)

2. അനുബന്ധ മേഖലകളിലെ പരിചയം (ഫോർമാറ്റ്-3)

3. സത്യപ്രസ്താവന(Declaration ) (ഫോർമാറ്റ്-4)

വിശ്വസ്തതയോടെ

ഒപ്പ്/പേര്/വിലാസം

തീയതി

*****ഈ കത്ത് ഏജൻസിയുടെ ലെറ്റർ ഹെഡിൽ നൽകണം*****

**ഫോർമാറ്റ്-2**

ഏജൻസിയുടെ വിവരങ്ങൾ

| | |
|---|---|
| ഏജൻസിയുടെ(കമ്പനിയുടെ) പേര് | |
| രജിസ്ട്രേഷൻ നമ്പർ | |
| സ്ഥലം /മേൽവിലാസം | |
| ജില്ല | |
| മൊബൈൽ ഫോൺ നമ്പർ | |
| ഇ-മെയിൽ വിലാസം | |
| വെബ് സൈറ്റ് വിലാസം | |
| I&PRD യുമായി എംപാനൽ ചെയ്തിട്ടുണ്ടോ എന്നത് | |
| എംപാനൽ ചെയ്തിട്ടുണ്ടെങ്കിൽ ഉത്തരവ് നമ്പർ (ഉത്തരവ് ഉള്ളടക്കം ചെയ്യേണ്ടതാണ്) | |
| പ്രവർത്തി പരിചയം (വർഷത്തിൽ) | |
| GST നമ്പർ | |
| PAN കാർഡ് നമ്പർ | |

വിശ്വസ്തതയോടെ

ഒപ്പ്/പേര്/വിലാസം

തീയതി

## ഫോർമാറ്റ്-3

അനുബന്ധ മേഖലകളിലെ പരിചയം

| ക്രമ നം | ഇനം | അവസാന 2 വർഷം ഏറ്റെടുത്തു പൂർത്തിയാക്കിയ കർത്തവ്യങ്ങളുടെ എണ്ണം (സ്റ്റാർട്ട് അപ്പ മിഷനുകൾ ബോധവൽക്കരണവുമായി ബന്ധപ്പെട്ട വീഡിയോകൾ തയ്യാറാക്കി നൽകേണ്ടതാണ് ) | പ്രവർത്തി ചെയ്ത നൽകിയ സ്ഥാപനത്തിന്റെയോ വകുപ്പിന്റെയോ പേര് |
|---|---|---|---|
| 1 | സമാനമായ വിഷയത്തിൽ ചെയ്ത പ്രവർത്തികൾ | | |
| 2 | സമാന സ്വഭാവത്തിലുള്ള വിഷയത്തിൽ ചെയ്ത പ്രവർത്തികൾ | | |

“സമാന വിഷയം ” , “ സമാന സ്വഭാവത്തിലുള്ള വിഷയം” , എന്നിവ കണ്ടെത്തുന്നതിനുള്ള മൂല്യനിർണ്ണയ സമിതിയുടെ തീരുമാനം അന്തിമമായിരിക്കും.

വിശ്വസ്തതയോടെ

ഒപ്പ്/പേര്/വിലാസം

തീയതി

**ഫോർമാറ്റ്-4**

സത്യപ്രസ്താവന(Declaration)

| **സത്യപ്രസ്താവന(Declaration)** |
|---|
| ജീവിത നൈപുണികൾ അടിസ്ഥാനമാക്കി ലഹരിക്കെതിരെ ബോധവൽക്കരണം നടത്തുന്നതിന് അനിമേഷൻ വീഡിയോകൾ കേരള സംസ്ഥാന എക്സൈസ് വകുപ്പിനും വിമുക്തി മിഷനും വേണ്ടി തയ്യാറാക്കുന്നതിന് മത്സരിക്കുന്നതിൽ ഞങ്ങൾക്ക് താൽപ്പര്യമുണ്ടെന്ന് ഇതിനാൽ സ്ഥിരീകരിക്കുന്നു.<br>ഇവിടെ നൽകിയിരിക്കുന്ന എല്ലാ വിവരങ്ങളും യഥാർത്ഥവും കൃത്യവുമാണ്.<br><br>അംഗീകൃത വ്യക്തിയുടെ<br>ഒപ്പ്. പേരും പദവിയും:<br>തീയതി:<br><br>***** ഏജൻസിയുടെ ലെറ്റർ ഹെഡിൽ ഡിക്ലറേഷൻ നൽകേണ്ടതാണ്***** |